7
ബുധൻ
2018 മാർച്ച്
1193 കുംഭം 23

മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടില, ജനൽ, ഡോർ
കട്ടില 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

തളിപ്പറമ്പ പുസ്തകം 11 ലക്കം 118 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 4.00 രൂപ

തലക്കടിയേറ്റ അധ്യാപകൻ മരണമടഞ്ഞു

കയ്യൂർ: തലക്കടിയേറ്റ് മംഗലാപുരം ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയായിരുന്ന അധ്യാപകൻ മരിച്ചു. കാലിച്ചാനടുക്കം ഗവ. യു.പി സ്കൂൾ അധ്യാപകൻ കയ്യൂർ ആലംതട്ടയിലെ പി.ടി. രമേശൻ (52) ആണ് മരണമടഞ്ഞത്.

കഴിഞ്ഞ മൂന്നിന് രാത്രി 10.30ന് വീടിനടുത്തുവെച്ചാണ് നാലംഗ സംഘം രമേശനെ ആക്രമിച്ചത്. സ്വത്ത് സംബന്ധമായ തർക്കത്തെ തുടർന്നായിരുന്നുവത്രെ അക്രമം. തലക്കടിയേറ്റ് ഗുരുതരമായി പരിക്കേറ്റ രമേശൻ മംഗലാപുരം ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇന്ന് പുലർച്ചെ 3.45ഓടെയായിരുന്നു അന്ത്യം.

കുഞ്ഞമ്പു- പാർവ്വതി ദമ്പതികളുടെ മകനാണ്. ഭാര്യ യശോദ. ഏക മകൻ: അഖിൽ (ചീമേനി എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥി).

രമേശനെ അക്രമിച്ചതിന് നാലുപേർക്കെതിരെ നേരത്തെ വധശ്രമത്തിന് പോലീസ് കേസെടുത്തിരുന്നു. അതിൽ ജയേഷ്, തമ്പാൻ എന്നിവർ പിടിയിലായിരുന്നു. അരുൺ, അഭിജിത്ത് എന്നിവരെ പിടികിട്ടാനുണ്ട്. അരുൺ സംഭവത്തിന് ശേഷം ഗൾഫിലേക്ക് കടന്നു. രമേശൻ മരണപ്പെട്ടതിനാൽ പ്രതികൾക്കെതിരെ കൊലപാതക കുറ്റം ചുമത്തും.

ഖാദർ വധം: ഭാര്യയെ കൂടി പ്രതിചേർത്ത് കുറ്റപത്രം സമർപ്പിച്ചു

തളിപ്പറമ്പ: ബക്കളം കാനൂലിലെ മൊട്ടന്റകത്ത് പുതിയപുരയിൽ അബ്ദുൾഖാദറി (38)നെ വീട്ടിൽ നിന്നനും പിടിച്ചുകൊണ്ടുവന്ന് വായാട് വച്ച് തല്ലിക്കൊന്ന കേസിൽ ഭാര്യയെ കൂടി പ്രതിചേർത്ത് പോലീസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. ഭാര്യ വായാട്ടെ കെ. ഷരീഫ (38)യെ ഇന്നലെയാണ് പ്രതിചേർത്ത് കോടതിയിൽ റിപ്പോർട്ട് നൽകിയത്. ഇന്ന് വിശദമായ കുറ്റപത്രവും സമർപ്പിച്ച കേസിൽ മൊത്തം പത്ത് പ്രതികളാണ് ഉള്ളത്. വായാടും പരിസരപ്രദേശങ്ങളിലുമുള്ള കെ. സി. നൗഷാദ് (25), കെ.സി. മനാഫ് (26), കെ.സി. നവാസ് (28) (മൂവരും സഹോദരങ്ങളാണ്). കെ. ശിഹാബുദീൻ (27), സിറാജ് (28), എം. അബ്ദുള്ളക്കുട്ടി (25), ടി.കെ. റാഷിദ് എന്ന തേൾ റാഷിദ് (25), കോരൻപീടികയിലെ എം.വി. അബ്ദുൾ ലത്തീഫ് എന്നിവരാണ് പ്രതികൾ. ഇതിൽ ലത്തീഫും നവാസും സംഭവം നടന്ന ഉടനെ വിദേശത്തേക്ക് കടന്നുകളഞ്ഞതിനാൽ പോലീസിന് അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഷെരീഫയെയും പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല.

അന്നത്തെ സി.ഐ കെ.ഇ. പ്രേമചന്ദ്രൻ, എസ്.ഐ കെ. പ്രഭാകരൻ, എ.എസ്.ഐ സി. തമ്പാൻ, സീനിയർ സിവിൽ പോലീസ് ഓഫീസർ നികേഷ്, സി.പി.ഒ ജാബിർ എന്നിവരാണ് കേസ് അന്വേഷിച്ചത്. പിന്നീട് സി.ഐ പി.കെ. സുധാകരനും, എ.എസ്.ഐ സി. തമ്പാനും സി.ടി. മുഹാസ് (21), പി.വി. അന്വേഷണം പൂർത്തീകരിച്ചാണ് കുറ്റപത്രം സമർപ്പിച്ചത്. 1000ത്തിലധികം പേജുള്ള കുറ്റപത്രത്തിൽ 55 സാക്ഷികളുണ്ട്. 30ഓളം സാക്ഷികളെ പോലീസ് ചോദ്യം ചെയ്തിരുന്നു. ഒരു സ്വിഫ്റ്റ് കാർ, ടാറ്റ ഐസ് മിനി ലോറി, രണ്ട് ബൈക്കുകൾ, അടിക്കാൻ ഉപയോഗിച്ച ഇരുമ്പ്ദണ്ഡ്, മരവടി, കെട്ടാൻ ഉപയോഗിച്ച കയർ തുടങ്ങി നിരവധി തൊണ്ടിമുതലും കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

2017 ജനുവരി 25ന് പുലർച്ചെ 2.30ന് ബക്കളം പുതപ്പാറ കുന്നിന് താഴെ കാനൂലിലെ വീട്ടിൽ നിന്ന് പ്രതികൾ ഖാദറിനെ ബലമായി തൊട്ടടുത്തുള്ള വയലിലേക്ക് പിടിച്ച് കൊണ്ടുപോകുകയായിരുന്നു. ഇവിടെ വച്ച് ഖാദറെ പ്രതികൾ ക്രൂരമായി മർദിച്ചതിന് ശേഷം ഖാദറെ അനങ്ങാൻ കഴിയാത്തത്തിയിരുന്നു.

കൊല്ലപ്പെട്ട ഖാദർ

കയ്യും കാലും കെട്ടി സ്വിഫ്റ്റ് കാറിൽ പരിയാരത്തേക്ക് കൊണ്ടുപോകുകയായിരുന്നു. ആദ്യം തവളകുളത്ത് കൊണ്ടുപോയി കാലും കയ്യും തല്ലിയൊടിച്ചു. പിന്നീട് മിനി ലോറിയിൽ മൂലംപാറയിൽ കൊണ്ടുപോയി വീണ്ടും തല്ലിച്ചതച്ചു. മൃതപ്രായനായ ഖാദറെ അനങ്ങാൻ കഴിയാത്ത വിധത്തിൽ പ്ലാസ്റ്റിക്ക് കയർ കൊണ്ട് കെട്ടി വായാട്ടെ ജുമാ മസ്ജിദ് പള്ളിക്ക് സമീപം റോഡിൽ കൊണ്ടിടുകയായിരുന്നു. ഇവിടെ കിടന്ന് വെള്ളം കിട്ടാതെ ഖാദർ മരിക്കുകയായിരുന്നു. ഖാദറെ കൊല്ലാൻ ഭാര്യയും കൂട്ടുനിന്നിരുന്നുവെന്ന് ഖാദറിന്റെ ഉമ്മ പോലീസിൽ മൊഴി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പോലീസ് നടത്തിയ അന്വേഷണത്തിൽ പ്രതികളോടൊപ്പം കൊല നടക്കുന്ന ദിവസങ്ങൾക്ക് മുമ്പ് ഷെരീഫ ഖാദറിനെ തേടി പോയിരുന്നതായും കൊല നടന്ന ദിവസവും പിന്നീടും പ്രതികളുമായി ഫോണിൽ സംസാരിച്ചിരുന്നതായും പോലീസ് കണ്ടെത്തുടർന്നാണ് ഷെരീഫയെ പ്രതിചേർത്തത്.

കുപ്രസിദ്ധ മോഷ്ടാവും നാട്ടുകാർക്കും ഭാര്യക്കും സ്ഥിരം ശല്യക്കാരനുമായിരുന്നു കൊല്ലപ്പെട്ട ഖാദർ. ബക്കളം ഭാഗത്ത് നിരവധി ലോറികളിൽ ഖാദർ മോഷണം നടത്തിയിരുന്നു. വായാട് സ്ഥിരം കുഴപ്പം ഉണ്ടാക്കുന്നത് ഖാദറിന്റെ ഹോബിയായിരുന്നു. ശല്യം സഹിക്കാൻ കഴിയാതെ വന്നപ്പോഴാണ് നാട്ടുകാരായ പ്രതികൾ ഇയാളെ പിടിച്ച് കൊണ്ടുപോയി തല്ലിക്കൊന്നത്.

അടിയേറ്റ് അവശനായ ഖാദറെ റോഡരികിൽ തള്ളിയിട്ടും ആരും ഒരു തുള്ളി വെള്ളം പോലും കൊടുക്കാൻ തയ്യാറാകാതിരുന്നത് ഈ കാരണത്താലാണ്.

മൈസൂരിൽ ബസിടിച്ച് രണ്ട് കാസർക്കോടുകാർ മരിച്ചു

ജുനൈദ് അസ്ഹറുദീൻ

മൈസൂർ: പിക്കപ്പിൽ കർണ്ണാടക ആർ.ടി.സി ബസിടിച്ച് കാസർക്കോട് സ്വദേശികളായ രണ്ട് യുവാക്കൾ മരണമടഞ്ഞു. ഉളിയത്തടുക്കയിലെ ജുനൈദ് (26), സുഹൃത്ത് ഉളിയത്തടുക്ക എസ്.പി നഗറിലെ അസ്ഹറുദീൻ (26) എന്നിവരാണ് മരണമടഞ്ഞത്. ഇന്ന് പുലർച്ചെ മൈസൂർ-ബംഗ്ളൂരു റൂട്ടിൽ എൽവാൽ എന്ന സ്ഥലത്താണ് അപകടം.

ജുനൈദും അസ്ഹറുദീനും സഞ്ചരിച്ച കെ.എൽ. 14 യു 436 നമ്പർ പിക്കപ്പ് ലോറിയിൽ എതിരെ വരികയായിരുന്ന ബസിടിക്കുകയായിരുന്നു. ഇരുവരും തൽക്ഷണം മരണമടഞ്ഞു.

അണങ്കൂരിൽ ഓട്ടോഡ്രൈവറാണ് മരിച്ച ജുനൈദ്. ഉസ്മാൻ- ഖദീജ ദമ്പതികളുടെ മകനാണ് അസ്ഹറുദീൻ. അവിവാഹിതനാണ്. സഹോദരങ്ങൾ: സിക്കന്ദർ ഫൈസൽ, ഇർഫാൻ, താഹിറ, മുബീന, ഷഹല, റാഹില.

ശരീരത്തിൽ വൈദ്യുതിവയർ വരിഞ്ഞു കെട്ടി സ്വയം ഷോക്കടിപ്പിച്ച് ഗൃഹനാഥൻ ജീവനൊടുക്കി

പരിയാരം: ശരീരത്തിൽ വൈദ്യുതി വയർ വരിഞ്ഞുകെട്ടിയ ശേഷം സ്വയം ഷോക്കടിപ്പിച്ച് ഗൃഹനാഥൻ ജീവനൊടുക്കി. മാതമംഗലം ഇരൂൾ മുണ്ടപ്രത്തെ മുളയേലിൽ ചന്ദ്രൻ (70) ആണ് ജീവനൊടുക്കിയത്. ഇന്നലെ രാത്രി വീട്ടിലെ കിടപ്പുമുറിയിൽ വച്ച് ഇലക്ട്രിക് സോക്കറ്റിൽ നിന്നുള്ള വയർ അരയിൽ ചുറ്റി സ്വിച്ചിട്ട് ഷോക്കടിപ്പിക്കുകയായിരുന്നു. ഇന്ന് രാവിലെയാണ് ചന്ദ്രനെ മരിച്ച നിലയിൽ കണ്ടെത്തിയത്. ഭാര്യ: സത്യഭാമ. മക്കൾ: സത്യൻ, ഷീജ, ബിന്ദു. മരുമക്കൾ: സൗമ്യ, ഭാഗേഷ്, ദീപക്.

കാർ അപകടം: ചന്ദനക്കാംപാറയിലെ വീട്ടമ്മ മരിച്ചു

ആലക്കോട്: ആലക്കോട് നിന്ന് കോട്ടയത്തേക്ക് പോയി തിരിച്ച് മടങ്ങുകയായിരുന്ന കുടുംബം സഞ്ചരിച്ച കാർ അപകടത്തിൽപ്പെട്ട് വീട്ടമ്മ മരിച്ചു. ആറുപേർക്ക് പരിക്കേറ്റു. ചന്ദനക്കാംപാറയിലെ കല്ലറയ്ക്കൽ ത്രേസ്യാമ്മ (60)യാണ് മരിച്ചത്. മക്കളായ ലിജി (36), ലിറ്റി (30), ലിജിയുടെ ഭർത്താവ് ആലക്കോട് പൂവഞ്ചാലിലെ ഇടവംകുന്നേൽ ബിനോയി (42), ഇവരുടെ മക്കളായ ആൽബി (11), ഐറിൻ (9), ലിറ്റിയുടെ ഭർത്താവ് ജിനോയി (35) എന്നിവർക്കാണ് പരിക്കേറ്റത്. ഇന്നലെ രാത്രി 12 മണിയോടെ കോഴിക്കോട്-കോട്ടയ്ക്കൽ ദേശീയ പാതയിലാണ് അപകടം. ബിനോയിയും കുടുംബാംഗങ്ങളും സഞ്ചരിച്ച കാർ മറ്റൊരു വാഹനവുമായി കൂട്ടിയിടിച്ചാണ് അപകടം. പരിക്കേറ്റവർ കോഴിക്കോട് മിംസ് ആശുപത്രിയിൽ ചികിത്സയിലാണ്. കഴിഞ്ഞ ശനിയാഴ്ചയാണ് കുടുംബ സമേതം ഇവർ കോട്ടയം പാലായിലെ ബന്ധുവീടുകളിലേക്ക് പോയിരുന്നത്. മലയാറ്റൂരിലും മറ്റും സന്ദർശനം നടത്തിയതിന് ശേഷം തിരിച്ച് വരുന്നതിനിടെയാണ് അപകടം. സംഭവമറിഞ്ഞ് ആലക്കോട് നിന്നും ചന്ദനക്കാംപാറയിൽ നിന്നുമുള്ള ബന്ധുക്കൾ കോഴിക്കോട്ടെത്തിയിട്ടുണ്ട്. ബിനോയിയാണ് കാറോടിച്ചിരുന്നത്. സംസ്കാരം നാളെ ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് പൈസക്കരി ഫൊറോന പള്ളി സെമിത്തേരിയിൽ.

മാല മോഷണം; രണ്ട് തമിഴ് നാടോടി യുവതികൾ പിടിയിൽ

കണ്ണൂർ: ബസ് യാത്രക്കാരിയുടെ രണ്ട് പവന്റെ സ്വർണ്ണമാല കവർന്ന കേസിൽ രണ്ട് നാടോടി യുവതികളെ ടൗൺ പോലീസ് പിടികൂടി. തമിഴ്നാട് മധുര സ്വദേശിനികളായ പഞ്ചമി (26), തെങ്കാശി (25) എന്നിവരാണ് പിടിയിലായത്. കൂടാളി പൂവത്തൂരിലെ കുനിയിൽ ഹൗസിൽ രമശശിധരന്റെ (57) മാല കവർന്ന കേസിലാണ് പിടികൂടിയത്. ഇന്നലെ രാവിലെ കൂടാളിയിൽ നിന്ന് ശാന്തിനി ബസിൽ കയറിയ രമ എളയാവൂരിൽ ഇറങ്ങുമ്പോഴേക്കും മാല നഷ്ടപ്പെട്ടിരുന്നു. രമയുടെ പരാതിയിൽ അന്വേഷണം നടത്തിയാണ് നാടോടി യുവതികളെ പിടികൂടിയത്. എന്നാൽ അപ്പോഴേക്കും ഇവർ മാല മറ്റാർക്കോ കൈമാറിയിരുന്നു. കോഴിക്കോട് റെയിൽവേ സ്റ്റേഷന് സമീപം പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരാണ് പിടിയിലായവർ.

സിസ്റ്റർ അഭയാ കേസ്: ഫാ. ജോസ് പുതൃക്കയിലിനെ കുറ്റവിമുക്തനാക്കി

ഫാ.കോട്ടൂരും സിസ്റ്റർ സെഫിയും വിചാരണ നേരിടണം

സിസ്റ്റർ അഭയ

തിരുവനന്തപുരം: സിസ്റ്റർ അഭയ വധക്കേസിൽ ഫാ. തോമസ് കോട്ടൂർ, സിസ്റ്റർ സെഫി എന്നിവർ വിചാരണ നേരിടണമെന്ന് തിരുവനന്തപുരം സി.ബി.ഐ കോടതി. അതേസമയം കേസിലെ മറ്റൊരു പ്രതിയായ ഫാ. ജോസ് പുതൃക്കയിലിനെ കുറ്റവിമുക്തനാക്കി. കേസിൽ രണ്ടാം പ്രതിയായിരുന്നു ജോസ് പുതൃക്കയിൽ. ഫാ. തോമസ് കോട്ടൂർ ഒന്നാം പ്രതിയും സിസ്റ്റർ സെഫി രണ്ടാം പ്രതിയുമാണ്. കേസിൽ നിന്ന് തങ്ങളെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് മൂന്ന് പ്രതികളും നൽകിയ വിടുതൽ ഹർജിയിലാണ് ഇന്ന് കോടതി വിധി പറഞ്ഞത്. രണ്ടാം പ്രതിക്കെതിരെ സി.ബി.ഐ നൽകിയ കുറ്റപത്രത്തിൽ മതിയായ തെളിവില്ലെന്ന് പറഞ്ഞാണ് ജോസ് പുതൃക്കയിലിന്റെ വിടുതൽ ഹർജി അനുവദിച്ചത്. സംഭവ ദിവസം ജോസ് പുതൃക്കയിൽ കോൺവെന്റിൽ എത്തിയതിന് തെളിവില്ലെന്ന് കോടതി നിരീക്ഷിച്ചു.

ഫാ. തോമസ് കോട്ടൂർ സിസ്റ്റർ സെഫി

1992 മാർച്ച് 27നാണ് കോട്ടയം ക്നാനായ കത്തോലിക്ക രൂപതയുടെ കീഴിലുള്ള സെന്റ് പയസ് ടന്റ് കോൺവെന്റ് കിണറിൽ സിസ്റ്റർ അഭയയുടെ മൃതദേഹം കാണപ്പെട്ടത്. അഭയക്ക് അന്ന് 19 വയസായിരുന്നു പ്രായം. കേസ് അന്വേഷിച്ച പോലീസ് സിസ്റ്റർ അഭയ ആത്മഹത്യ ചെയ്തതാണെന്ന നിഗമനത്തിലായിരുന്നു. തുടർന്ന് കേസ് അന്വേഷണം സി.ബി.ഐക്ക് വിടുകയായിരുന്നു. 2008 നവംബർ 18നും ഒക്ടോബർ 18, 19 തീയതികളിലുമായി ഫാ. തോമസ് കോട്ടൂർ, ഫാ. ജോസ് പുതൃക്കയിൽ, സിസ്റ്റർ സെഫി എന്നിവരെ പ്രത്യേക സി.ബി.ഐ സംഘം അറസ്റ്റ് ചെയ്തു. കൊലപാതകം, തെളിവ് നശിപ്പിക്കൽ, അപകീർത്തിപ്പെടുത്തൽ എന്നീ കുറ്റകൃത്യങ്ങളാണ് മൂന്ന് പ്രതികൾക്കെതിരെയും സി.ബി.ഐ ചുമത്തിയിരുന്നത്.

കേസിൽ മുൻ എസ്.പി മൈക്കിളിനെയും അടുത്ത കാലത്തായി സി.ബി.ഐ പ്രതിചേർത്തിരുന്നു. കേസിൽ തെളിവ് നശിപ്പിക്കാൻ കൂട്ടുനിന്നുവെന്നാരോപിച്ചായിരുന്നു പ്രതി ചേർത്തത്. എന്നാൽ ഇതിനെതിരെ മൈക്കിൾ ഹൈക്കോടതിയെ സമീപിക്കുകയും നടപടി ക്രമങ്ങൾ പാലിക്കാതെയാണ് സി.ബി.ഐ പ്രതി ചേർത്തതെന്ന് വാദിക്കുകയും ചെയ്തു. ഇത് അംഗീകരിച്ച ഹൈക്കോടതി മൈക്കിളിനെ പ്രതി ചേർത്തത് സ്റ്റേ ചെയ്തിരുന്നു. 2009ലാണ് അഭയാ കേസിൽ സി.ബി.ഐ കുറ്റപത്രം സമർപ്പിച്ചത്. ഒമ്പത് വർഷത്തിന് ശേഷം കേസിൽ വിചാരണ തുടങ്ങാനുള്ള സാഹചര്യം ഒരുങ്ങിയിരിക്കുകയാണ്.

ഫാ. ജോസ് പുതൃക്കയിൽ

ഷുഹൈബ് വധം: പോലീസിന് വീണ്ടും ഹൈക്കോടതിയുടെ രൂക്ഷവിമർശനം

എറണാകുളം: ഷുഹൈബ് വധക്കേസിൽ പോലീസിന് വീണ്ടും ഹൈക്കോടതിയുടെ രൂക്ഷവിമർശനം. കൊലപാതകത്തിന് പിറകിലുള്ളവരെ എല്ലാവർക്കും അറിയാമെന്നും എന്നാൽ അവർ കൈകഴുകി പോവുകയാണെന്നും ജസ്റ്റിസ് കമാൽപാഷ വിമർശിച്ചു. അന്വേഷണം തൃപ്തികരമല്ല. പ്രതികൾ കൈയിൽ ഉണ്ടായിട്ടും ആവശ്യമായ വിവരങ്ങൾ പോലീസ് ചോദിച്ചറിഞ്ഞില്ലെന്ന് അദേഹം കുറ്റപ്പെടുത്തി. കണ്ണൂർ കൊലപാതകങ്ങളിലെ ഗൂഢാലോചന പുറത്തുവരാറുണ്ടോയെന്നും ജസ്റ്റിസ് കമാൽപാഷ സംസ്ഥാന സർക്കാരിനോട് ചോദിച്ചു. ഷുഹൈബ് വധക്കേസ് സി.ബി.ഐ അന്വേഷണത്തിന് വിടണമെന്ന ഹർജി പരിഗണിക്കവെയാണ് സർക്കാർ ഭാഗം അഭിഭാഷകനോട് കോടതി ചോദ്യം ഉന്നയിച്ചത്.

ഷുഹൈബ് വധക്കേസിൽ സി.ബി.ഐ അന്വേഷണം സംബന്ധിച്ച നിലപാട് വ്യക്തമാക്കാൻ ഹൈക്കോടതി സർക്കാരിന് ഒരാഴ്ചത്തെ സമയം അനുവദിച്ചിരുന്നു. ഇന്ന് ഹർജി കോടതി മുമ്പാകെ വന്നപ്പോൾ കേസിലെ പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തെന്നും ഇനി മറ്റൊരു അന്വേഷണം ആവശ്യമില്ലെന്നും സ്റ്റേറ്റ് അറ്റോർണി കെ.വി. സോഹൻ വ്യക്തമാക്കി. ഈ സമയം ഷുഹൈബ് വധത്തിന്റെ ലക്ഷ്യം എന്തായിരുന്നുവെന്ന് കോടതി ചോദിച്ചു. പ്രതികളിൽ ഒരാളായ ബിജുവും ഷുഹൈബും തമ്മിലുണ്ടായ വ്യക്തിവൈരാഗ്യമാണ് കൊലക്ക് കാരണമെന്ന് സ്റ്റേറ്റ് അറ്റോർണി മറുപടി നൽകി. സംഭവത്തിന് പിന്നിലെ ഗൂഢാലോചന വ്യക്തമായോ എന്ന് കോടതി ചോദിച്ചു. അത് പിന്നീട് അന്വേഷിക്കുമെന്ന് സ്റ്റേറ്റ് അറ്റോർണി മറുപടി പറഞ്ഞതോടെയാണ് കണ്ണൂർ കൊലപാതകങ്ങളിലെ ഗൂഢാലോചനകൾ പുറത്ത് വന്ന ചരിത്രമുണ്ടോയെന്ന് ജസ്റ്റിസ് കമാൽപാഷ ചോദിച്ചത്.

സി.ബി.ഐ കേസ് സിങ്കിൾബെഞ്ചിന് കേൾക്കാൻ അധികാരമില്ലെന്ന് സംസ്ഥാന സർക്കാർ വാദിച്ചു. ഡിവിഷൻ ബെഞ്ചിന് ഹർജി കൈമാറണമെന്നും സ്റ്റേറ്റ് അറ്റോർണി ആവശ്യപ്പെട്ടു. ഈ സമയം കേസ് കോടതി കേൾക്കുന്നത് സംസ്ഥാന സർക്കാർ ഭയപ്പെടുന്നുണ്ടോയെന്ന ചോദ്യവും ജസ്റ്റിസ് ഉന്നയിച്ചു.

ഷുഹൈബ് വധക്കേസിൽ സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് മാതാപിതാക്കളാണ് ഹൈക്കോടതിയെ സമീപിച്ചത്.

എറന്തല മുനവ്വിറുൽ ഇസ്ലാം ജമാഅത്ത് കമ്മിറ്റി
ശൈഖുനാ മാണിയൂർ ഉസ്താദ്
എറന്തലയിൽ
നാളെ (മാർച്ച് 8) വ്യാഴം രാത്രി ഏഴിന്
എറന്തല ശംസുൽ ഉലമാ നഗറിൽ
ഏവർക്കും സ്വാഗതം

നവനീതിന്റെ നില അതീവ ഗുരുതരം

പയ്യന്നൂർ കോളേജിലെ അക്രമം: പത്ത് എസ്.എഫ്.ഐ പ്രവർത്തകർക്കെതിരെ വധശ്രമത്തിന് കേസ്

പയ്യന്നൂർ: പയ്യന്നൂർ കോളേജിലെ കെ.എസ്.യു നേതാക്കളെ അക്രമിച്ചതിന് പത്ത് എസ്.എഫ്.ഐ പ്രവർത്തകർക്കെതിരെ വധശ്രമത്തിന് പോലീസ് കേസെടുത്തു. എസ്.എഫ്.ഐ പ്രവർത്തകരായ പ്രവീൺ, ഹരിപ്രസാദ്, അനൂപ്, ആദർശ്, ജിഷ്ണു, സോജൻ, സനൂപ്, ധീരജ്, ജിഷ്ണു എന്നിവർക്കെതിരെയാണ് എസ്.ഐ കെ.പി. ഷൈൻ കേസെടുത്തത്. കെ.എസ്.യു ജില്ലാ സെക്രട്ടറി പയ്യന്നൂരിലെ നവനീത് നാരായണൻ (21), കോളേജ് യൂനിറ്റ് കെ.എസ്.യു സെക്രട്ടറി ആലക്കോട് തേർത്തല്ലിയിലെ ഹർഷരാജ്, തൃക്കരിപ്പൂർ ബ്ലോക്ക് സെക്രട്ടറി ചീമേനിയിലെ മാത്യു ഐസക്ക് എന്നിവർക്കാണ് അക്രമത്തിൽ പരിക്കേറ്റത്. ഗുരുതരമായി പരിക്കേറ്റ നവനീത്, ഹർഷരാജ് എന്നിവർ മംഗലാപുരം ആശുപത്രിയിൽ ചികിത്സയിലാണ്. മാത്യു ഐസക്കിനെ പയ്യന്നൂർ പ്രിയദർശിനി ആശുപത്രിയിലാണ് പ്രവേശിപ്പിച്ചത്. നവനീതിന്റെ പരിക്കാണ് മാരകം. മാരകായുധങ്ങൾ ഉപയോഗിച്ച് ആക്രമിച്ചുവെന്നാണ് പരാതി. ഇന്നലെ രാവിലെ 11 മണിയോടെയാണ് അക്രമം നടന്നത്.

അതേസമയം കെ.എസ്.യു പ്രവർത്തകർ മർദിച്ചുവെന്നാരോപിച്ച് എസ്.എഫ്.ഐ പ്രവർത്തകരായ പി. ജിഷ്ണു, വിഷ്ണു, സോജൻ എന്നിവർ പയ്യന്നൂർ സഹകരണ ആശുപത്രിയിൽ ചികിത്സയിലാണ്.

ഉടൻ സ്വന്തമാക്കൂ
ഹോണ്ട ആക്ടിവ 4G
₹299/- ആദ്യതവണയിൽ !

Financed by muthoot Eazy Auto Loan
HONDA
Cannanore Honda
Authorised Dealer for Honda Motorcycle & Scooter India Pvt. Ltd
KANNUR | TALIPARAMBA
SREEKANDAPURAM | KUTHUPARAMBA
9020 044 044 9020 454 054

WANTED URGENT FOR RYAN
നിലവിൽ തളിപ്പറമ്പ മന്ന സീതിസാഹിബ് ഹയർസെക്കണ്ടറി സ്കൂളിന് സമീപം പ്രവർത്തിച്ചുവരുന്ന റയാൻ ഇന്റർനാഷണൽ മോണ്ടിസ്സറി സ്കൂളിലേക്ക് ഉടൻ നിയമനത്തിന് താൽപര്യമുള്ളവർ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളും ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം 10-03-2018 ശനിയാഴ്ച രാവിലെ 10നും മൂന്നിനും ഇടയിൽ സ്കൂൾ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. email.hr@ryanschool.ac.in
ആന്റി • പ്രൂൺ • ഡ്രൈവേഴ്സ് • സെക്യൂരിറ്റി
സ്വിമ്മിങ്ങ് കോച്ച് • ഡിസൈനർ (DTP)
RYAN INTERNATIONAL MONTESSORI SCHOOL
MANNA, TALIPARAMBA
0460 220 9009 / 860 632 666 1/2
visit us on : www.ryanschool.ac.in